**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 72** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പഞ്ചമി ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. ബിനിമോൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള പഞ്ചമി ഗ്രാമം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. 14/08/2026 ലെ സ.ഉ (കൈ) നം. 27/2026/SCSTDD നമ്പർ പ്രകാരം പഞ്ചമി ഗ്രാമം പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ പരമാവധി രണ്ട് ഗ്രാമങ്ങളെ വരെ ഉൾപ്പെടുത്തി ഓരോ ഗ്രാമത്തിനും 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്നത്.

**(ബി)** സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തതും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് 3 കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്ര വികസനമാണ് പഞ്ചമി ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നത്.

**(സി)** ഓരോ നിയമസഭാ മണ്ഡലത്തിലും പതിനഞ്ചിൽ താഴെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്ന, കുറഞ്ഞത് മൂന്ന് കുടുംബങ്ങളെങ്കിലും ഉള്ള പ്രദേശങ്ങളിലാണോ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** അതെ. സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് മൂന്ന് കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് പഞ്ചമി ഗ്രാമം .

**സെക്ഷൻ ഓഫീസർ**